KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ : 3025/Plg തിയ്യതി : 01.07.2024

## സർക്കുലർ 29/2024 (BD)

വിഷയം : **കെ.എസ്.എഫ്.ഇ ഗാലക്സി ചിട്ടി സീരീസ് -2** ആരംഭിക്കുന്നത് – സംബന്ധിച്ച്.

സൂചന : സർക്കുലർ 14/2024(BD) തിയ്യതി 01.04.2024

നടപ്പ സാമ്പത്തിക വർഷത്തെ ചിട്ടി ബിസിനസ്സ് ലക്ഷ്യം കൈവരിക്കുന്നതിന് സഹായകരമായ വിധത്തിൽ ആകർഷകമായ സമ്മാന പദ്ധതികൾ ഉൾപ്പെടുത്തി മൂന്ന് ഉപപദ്ധതികളായിട്ടാണ് കെ.എസ്.എഫ്.ഇ ഗാലക്സി ചിട്ടികൾ ആരംഭിച്ചിട്ടുള്ളത്. ഇതിൽ 250 കോടി രൂപയുടെ ചിട്ടി ബിസിനസ്സ് ലക്ഷ്യവുമായി ആരംഭിച്ച ആദ്യ ചിട്ടി പദ്ധതിയായ ഗാലക്സി ചിട്ടി സീരീസ് -1ന്റെ കാലാവധി ജൂൺ 29 ന് അവസാനിച്ചു. 2024 ജൂലായ് 1 മുതൽ അടുത്ത ചിട്ടി പദ്ധതിയായ കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടി സീരീസ് -2 ആരംഭിക്കുകയാണ്. പദ്ധതിയുടെ മറ്റ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **പദ്ധതി കാലയളവ്** | : | 2024 ജൂലായ് 1 മുതൽ ഒക്ടോബർ 31 വരെ |
| **KGC-S2 കാലാവധിയിൽ എത്തിച്ചേരേണ്ട സഞ്ചിത ചിട്ടി ബിസിനസ്സ് ലക്ഷ്യം** | : | 700 കോടി രൂപ |

**കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടി പദ്ധതിയുടെ മുൻ നിശ്ചയിച്ച പൊതുവായ സമ്മാനങ്ങൾ**

| | | |
|---|---|---|
| **സംസ്ഥാനതല മെഗാസമ്മാനം** (ഒരാൾക്ക്) | : | **മെഴ്സിഡസ് ബെൻസ് കാർ** (പരമാവധി 75 ലക്ഷം രൂപ) |
| **മേഖലാതല സമ്മാനങ്ങൾ** | : | 17 **ഇന്നോവ ക്രിസ്റ്റ കാറുകൾ** (പരമാവധി 25 ലക്ഷം രൂപ വീതം) |

(DBC ഉൾപ്പെടെ ഓരോ മേഖലയിലും ഒരാൾക്ക്)

### ഗാലക്സി ചിട്ടി സീരീസ് -2 സമ്മാനങ്ങൾ – " ഓണക്കോടി "

KGC – S2 പദ്ധതി കാലയളവിൽ രജിസ്റ്റർ ചെയ്യുന്ന ചിട്ടികളിൽ അംഗമാകുന്ന 10 വരിക്കാരിൽ ഒരാൾക്ക് നറുക്കെടുപ്പിലൂടെ 3,500/- രൂപ വിലവരുന്ന ഖാദി വസ്ത്രങ്ങൾ (വനിതകൾക്കുള്ള ഒരു സെറ്റ്മുണ്ടും പുരുഷൻമാർക്കുള്ള ഒരു ഡബിൾ മുണ്ടും അടങ്ങുന്ന പാക്കറ്റ്) ഓണസമ്മാനമായി നൽകുന്നതാണ്. സമ്മാനത്തുക പണമായി നൽകുന്നതല്ല. ശാഖകൾക്ക് ആവശ്യമായ എണ്ണം സമ്മാനങ്ങൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. താഴെ പറയുന്ന വിധത്തിൽ ശാഖകൾ സമ്മാനാർഹരായ വരിക്കാരെ തെരഞ്ഞെടുക്കേണ്ടതും സമ്മാന വിതരണം പൂർത്തിയാക്കേണ്ടതുമാണ്.

1. ഓരോ ചിട്ടിയിലേയും, വരിക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് സമ്മാനം നിശ്ചയിക്കേണ്ടത്. ഓരോ ചിട്ടിയിലേയും വരിക്കാരുടെ എണ്ണത്തെ 10 ന്റെ ഗുണിതങ്ങളാക്കി അത്രയും എണ്ണം സമ്മാനങ്ങളാണ് വിതരണം ചെയ്യേണ്ടത്. 10 ന്റെ ഗുണിതങ്ങൾ കഴിഞ്ഞു വരുന്ന വരിക്കാരുടെ എണ്ണത്തെ കണക്കാക്കേണ്ടതില്ല. ഉദാഹരണമായി 60 മാസം കാലാവധിയുള്ള ചിട്ടികളിൽ 6 സമ്മാനവും, 60 മാസം കാലാവധിയുള്ള 4 ഡിവിഷൻ ചിട്ടികളിൽ 24 സമ്മാനവും, 25 മാസ കാലാവധിയുള്ള ചിട്ടികളിൽ 2 സമ്മാനവും നൽകാവുന്നതാണ്. ശാഖകൾ പുതിയ ചിട്ടികൾ രജിസ്റ്റർ ചെയ്യുമ്പോൾ വരിക്കാരുടെ എണ്ണം പരമാവധി 10 ന്റെ ഗുണിതങ്ങളായി വരാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഓരോ ചിട്ടിയിലേയും വരിക്കാരെ 10 ന്റെ ഗ്രൂപ്പുകളായി തിരിക്കാതെ എല്ലാവരെയും ഉൾപ്പെടുത്തി ചിട്ടിയുടെ ആദ്യലേലം നടക്കുന്ന സമയത്ത് നറുക്കെടുപ്പിലൂടെയാണ് ഓണക്കോടിയുടെ സമ്മാനാർഹരെ നിശ്ചയിക്കേണ്ടത്.

3. **ഇത്തരത്തിൽ നിശ്ചയിക്കുന്ന സമ്മാനങ്ങളുടെ ആദ്യഘട്ട വിതരണം ചിങ്ങം ഒന്ന മുതൽ ശാഖാതലത്തിൽ ആരംഭിക്കാവുന്നതാണ്.** എന്നാൽ തുടർന്നുള്ള നാളുകളിൽ ചിട്ടിയുടെ ആദ്യ ലേല ദിവസമോ, തൊട്ടടുത്ത ദിവസങ്ങളിലെ ലേല സമയത്തോ ഓണക്കോടിയുടെ സമ്മാന വിതരണം നടത്തേണ്ടതാണ്. വിതരണത്തിനാവശ്യമായുള്ള ഓണക്കോടി മേഖലാ ഓഫീസ് മുഖാന്തിരം ശാഖകൾക്ക് ലഭ്യമാക്കുന്നതാണ്.

4. ഒന്നിൽ കൂടുതൽ ടിക്കറ്റുകൾ ഒരു ചിട്ടിയിൽ ഒരേ വ്യക്തി ചേർന്നിട്ടുണ്ടെങ്കിലും 'ഒരു ചിട്ടിയിൽ ഒരാൾക്ക് ഒരു സമ്മാനം' മാത്രം ലഭിക്കുന്ന വിധത്തിൽ (മൾട്ടി ഡിവിഷൻ ചിട്ടി ഉൾപ്പെടെ) നറുക്കെടുപ്പ് ക്രമീകരിക്കേണ്ടതാണ്.

5. ശാഖാതലത്തിൽ 'ഓണക്കോടി'യുടെ നറുക്കെടുപ്പ് സുതാര്യമായി നടത്തേണ്ടതും ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഇന്റേണൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതും ആണ്.

6. KGC-S2 കാലയളവിൽ പ്രവാസി ചിട്ടിയിൽ ചേരുന്ന വരിക്കാരെ ഉൾപ്പെടുത്തി ഡിജിറ്റൽ ബിസിനസ്സ് സെന്റർ അവിടത്തെ സമ്മാനാർഹരെ നിശ്ചയിക്കേണ്ടതാണ്. ഇടപാടുകാരന്റെ അനുമതിയോടെ സമ്മാന വിതരണം അനുയോജ്യമായ രീതിയിൽ ഡിജിറ്റൽ ബിസിനസ്സ് സെന്റർ ഉറപ്പാക്കേണ്ടതാണ്.

**ഗാലക്സി ചിട്ടി – S2 മേഖലാടിസ്ഥാനത്തിലുള്ള ലക്ഷ്യം ( കോടി രൂപയിൽ)**

| ക്രമ നമ്പർ | മേഖല | വാർഷിക ലക്ഷ്യം | KGC-S2 ലക്ഷ്യം |
|---|---|---|---|
| 1. | തൃശ്ശൂർ | 89.23 | 60.94 |
| 2. | കോട്ടയം | 82.87 | 56.59 |
| 3. | കണ്ണൂർ | 68.06 | 46.48 |
| 4. | ആലപ്പുഴ | 82.84 | 56.57 |
| 5. | തിരുവനന്തപുരം അർബൻ | 95.95 | 65.53 |
| 6. | പത്തനംതിട്ട | 52.90 | 36.13 |
| 7. | തിരുവനന്തപുരം റൂറൽ | 57.14 | 39.02 |
| 8. | മലപ്പുറം | 55.31 | 37.77 |
| 9. | കൊല്ലം അർബൻ | 73.43 | 50.15 |

| ക്രമ നമ്പർ | മേഖല | വാർഷിക ലക്ഷ്യം | KGC-S2 ലക്ഷ്യം |
|---|---|---|---|
| 10. | എറണാകുളം അർബൻ | 71.23 | 48.64 |
| 11. | പാലക്കാട് | 55.09 | 37.62 |
| 12. | എറണാകുളം റൂറൽ | 53.09 | 36.26 |
| 13. | കട്ടപ്പന | 38.73 | 26.45 |
| 14. | കൊല്ലം റൂറൽ | 50.77 | 34.67 |
| 15. | കോഴിക്കോട് അർബൻ | 58.33 | 39.84 |
| 16. | കോഴിക്കോട് റൂറൽ | 40.03 | 27.34 |
| | **ആകെ** | **1025** | **700** |
| ഡിജിറ്റൽ ബിസിനസ്സ് സെന്റർ | | 72.00 | 48.00 |

**ഗാലക്സി ചിട്ടി – S2 ശാഖാതല ലക്ഷ്യം** – ഓരോ ശാഖകൾക്കും അവരുടെ വാർഷിക ലക്ഷ്യത്തിന്റെ 70% കണക്കിലെടുത്തും, മേഖലയ്ക്ക് നൽകിയിട്ടുള്ള ഗാലക്സി ചിട്ടി –S2 ന്റെ ആകെ ലക്ഷ്യത്തിൽ മാറ്റം വരുത്താതെയും, ഓരോ മേഖലകളും ഗാലക്സി ചിട്ടി –S2 ന്റെ ലക്ഷ്യം ശാഖകൾക്ക് നിശ്ചയിച്ച് നൽകേണ്ടതാണ്.

**മറ്റ് നിർദ്ദേശങ്ങൾ**

1. 2024-25 സാമ്പത്തിക വർഷത്തെ ഗാലക്സി ചിട്ടികളുടെ മൂന്ന് സീരീസുകളിലുമായി ചിട്ടിയിൽ ചേരുന്ന എല്ലാ വരിക്കാരെയും, ഗാലക്സി ചിട്ടി കാലയളവിനുള്ളിൽ ഗാലക്സി ചിട്ടിയിൽ സബ്സ്റ്റിറ്റ്യൂഷനിലൂടെ അംഗമാകുന്ന ചിറ്റാളന്മാരെയും (DBC ഉൾപ്പെടെ) മെഗാ സമ്മാനങ്ങളായ ബെൻസ്, ഇന്നോവ കാറുകളുടെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതാണ്.

2. കെ.എസ്.എഫ്.ഇ.യിലെ സ്ഥിരം ജീവനക്കാരുടേയും ഏജന്റുമാരുടേയും അപ്രൈസർമാരുടേയും പേരിലുള്ള ചിട്ടികൾ സമ്മാനങ്ങൾക്കൊന്നും പരിഗണിക്കുന്നതല്ല.

3. **ചിട്ടിയുടെ 10% തവണകൾ കഴിഞ്ഞാൽ മാത്രമേ, തിരിച്ചടവ് ശേഷിക്കനുസരിച്ച്, സലയുടെ 50% വരെ ചിട്ടി ലോൺ അനുവദിക്കേണ്ടതുള്ളൂ.**

4. KGC-S2 കാലാവധിയിൽ കൂടുതൽ കാലയളവുള്ള ചെറിയ തവണ സംഖ്യ ചിട്ടികളും മൾട്ടിഡിവിഷൻ ചിട്ടികളും പരമാവധി രജിസ്ട്രേഷൻ പൂർത്തീകരിക്കാൻ ശാഖകൾ ശ്രദ്ധിക്കേണ്ടതാണ്.

5. മേൽ സൂചന പ്രകാരമുള്ള കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടിയുടെ പൊതുവായ എല്ലാ നിബന്ധനകളും ഗാലക്സി ചിട്ടി സീരീസ്- 2 (KGC-S2)വിനും ബാധകമാണ്.

ഗാലക്സി ചിട്ടി സമ്മാന പദ്ധതികൾ കൂടുതൽ ജനകീയമാക്കണമെന്നുള്ള നിർദ്ദേശം ജീവനക്കാരുടെ സംഘടനകളുമായുള്ള ചർച്ചകളിൽ ഉൾപ്പെടെ വിവിധ തലങ്ങളിൽ ഉയർന്നു വന്നിട്ടുള്ളതാണ്. അതുപോലെ, പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് സമ്മാന പദ്ധതികൾ രൂപവത്ക്കരിക്കുന്ന മാതൃകയും തുടരുകയാണ്. **"കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടികൾ"** വിജയകരമായി പൂർത്തീകരിക്കുന്നതിന് മികച്ച തയ്യാറെടുപ്പ് ആവശ്യമാണ്. ഇതിലേയ്ക്കായി ഹെഡ് ഓഫീസ് തലത്തിലും മേഖലാ ഓഫീസുകൾ കേന്ദ്രീകരിച്ചും വൈവിധ്യമാർന്ന വിപണന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള പിന്തുണ ഉറപ്പാക്കുന്നതാണ്. ഓരോ ശാഖയും വാർഷിക ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുന്നതിന്, ഏവരും അർപ്പണ മനോഭാവത്തോടെ പ്രയത്നിക്കേണ്ടതാണ്.

*വിശ്വസ്തതയോടെ*
*കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി*

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**
പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ